സർവ്വശിക്ഷാ അഭിയാനിൽ അദ്ധ്യാപക പരിശീലനത്തിനായി ട്രെയിനർമാരെ നിയോഗിക്കുന്ന നടപടി

77 [5737] ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രിക്കുവേണ്ടി വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വശിക്ഷാ അഭിയാനിൽ അദ്ധ്യാപക പരിശീലനത്തിനായി ട്രെയിനർമാരെ നിയോഗിക്കുന്നത് എങ്ങിനെയെന്ന് വ്യക്തമാക്കാമോ;

(ബി) പത്തനംതിട്ട ജില്ലയിൽ ട്രെയിനർമാരായി തെരഞ്ഞെടുക്കേണ്ട പ്രൈമറി സ്കൂൾ അദ്ധ്യാപകരുടെ വിഭാഗത്തിൽ വേണ്ടത്ര യോഗ്യതയുള്ള അപേക്ഷകൾ ഉണ്ടായിട്ടും ജില്ലാന്തര സ്ഥലംമാറ്റം വഴി നാലുപേരെ നിയമിച്ചത് എന്തുകൊണ്ട് എന്ന് വ്യക്തമാക്കാമോ;

(സി) ട്രെയിനർ എന്ന നിലയിൽ കഴിവ് പ്രകടിപ്പിക്കാത്ത പ്രൊട്ടക്റ്റഡ് അദ്ധ്യാപകർ ഉൾപ്പെടെയുള്ള ട്രെയിനർമാരെ പിൻവലിച്ച് പകരം ട്രെയിനർമാരെ നിയമിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) അതാത് ജില്ലയിലെ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ തെരഞ്ഞെടുത്തു സമർപ്പിക്കുന്ന ലിസ്റ്റിന്റെ അടിസ്ഥാനത്തിലാണ് സർക്കാർ അദ്ധ്യാപകരേയും എയ്ഡഡ് സ്കൂളുകളിലെ പ്രൊട്ടക്റ്റഡ് അദ്ധ്യാപകരേയും വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ ട്രെയിനർമാരായി നിയമിക്കുന്നത്.

(ബി) വിദ്യാഭ്യാസ യോഗ്യതയും ബി. ആർ. സി. ട്രെയിനർമാരായി പ്രവർത്തിക്കാൻ പ്രാപ്തിയും ഉള്ള അദ്ധ്യാപകരെയാണ് അപ്രകാരം നിയമിക്കുന്നത്. വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ മാത്രമാണ് പ്രസ്തുത നിയമനം നടത്തുന്നത്.

(സി) ട്രെയിനറായി പ്രവർത്തിക്കാൻ പ്രാപ്തരല്ലെന്ന് ജില്ലാ ആഫീസർക്ക് ബോദ്ധ്യം വരുന്ന കേസ്സുകൾ അവരുടെ ശുപാർശപ്രകാരം അത്തരം അദ്ധ്യാപകരെ ട്രെയിനർ തസ്തികയിൽ നിന്നും പിൻവലിക്കാനും പകരം അനുയോജ്യരായവരെ ട്രെയിനർമാരായി നിയമിക്കാനും നടപടി സ്വീകരിച്ചിട്ടുണ്ട്.

കേന്ദ്രീയ വിദ്യാലയങ്ങളിൽ സംസ്ഥാന ജീവനക്കാരുടെ കുട്ടികൾക്കും സീറ്റുകൾ നൽകാൻ നടപടി

78 [5738] ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രിക്കുവേണ്ടി വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രീയ വിദ്യാലയങ്ങളിൽ അഡ്മിഷൻ നൽകുമ്പോൾ നിശ്ചിത ശതമാനം

LIBRARY ARCHIVES Kerala Legislative Assembly